"ഭരണഭാഷ – മാതൃഭാഷ"

അടിയന്തിരം

നമ്പർ. ഡി (5)/26330/2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 14/11/2018

പൊതു വിദ്യാഭ്യാസ ഡയറക്ടർ.

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും.

സർ,

**വിഷയം:** പൊതു വിദ്യാഭ്യാസം - ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് - പ്രിൻസിപ്പാൾ പ്രമോഷൻ, യോഗ്യരായ പ്രഥമ അദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ 2018 വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച് -

**സൂചന :**
1) 08-11-2018 ലെ ഹയർ സെക്കണ്ടറി ഡയക്ടറുടെ കാര്യാലയത്തിൽ നിന്നുള്ള കത്ത് നമ്പർ എ.ഡിബി7/124606/എച്ച്.എസ്.ഇ/2018.
2) 8-01-2017 ലെ ഹയർ സെക്കണ്ടറി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നുമുള്ള കത്ത് നമ്പർ എ.ഡി.ബി7/94605/എച്ച്.എസ്.ഇ/2017
3) 29-01-2018 ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ കത്ത്.

----------

മേൽ സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സർക്കാർ ഹൈസ്കൂൾ പ്രഥമ അദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ നിന്നും ഹയർ സെക്കണ്ടറി പ്രിൻസിപ്പാൾ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിനു അപേക്ഷ സമർപ്പിച്ചവരിൽ അപേക്ഷ പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റ് സൂചന (3) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട റാങ്ക് 69 മുതൽ 88 വരെയുള്ള ഹൈസ്കൂൾ പ്രഥമ അദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ 2018 ജനുവരി മുതൽ ഒക്ടോബർ 31 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ട് ടി തസ്തികയിലെ പ്രൊബേഷൻ ഡിക്ലർ ചെയ്ത ഉത്തരവിന്റെ പകർപ്പ് മൊബൈൽ നമ്പർ എന്നിവ സഹിതം ഹയർ സെക്കണ്ടറി ഡയറക്ടർക്ക് 14-11-2018 നകം ലഭ്യമാക്കുവാൻ സൂചന പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു.

2016, 2017 കാലയളവിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ലഭ്യമാക്കത്തവർ ആയതുകൂടിയും, 2017 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ട് ലഭ്യമാക്കിയവർ 2018 ഒക്ടോബർ 31 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ട് മാത്രം നൽകിയാൽ മതിയാകുമെന്നും ടി കത്തിൽ അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പ്രസ്തുത വിവരം

(മറുപുറം)

താങ്കളുടെ അധികാര പരിധിയിൽപ്പെട്ട കാര്യാലയങ്ങളിൽ റിപ്പോർട്ട് ചെയ്യേണ്ടതും മേൽ രേഖകൾ താങ്കൾ ശേഖരിച്ചു ഹയർ സെക്കണ്ടറി ഡയറക്ടർക്ക് രണ്ട് ദിവസത്തിനകം നേരിട്ട് അയച്ചുകൊടുക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

എൻ.പി. ഗീതകുമാരി,
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (ജനറൽ),
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.

പകർപ്പ് : 1) ഡയറക്ടർ,
ഹയർ സെക്കണ്ടറി, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തിനഗർ, തിരുവനന്തപുരം.
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം.
(ഔദ്യോഗി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്)

എ.സി-